**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1324** **04-07-2022 - ൽ മറുപടിയ്ക്ക്**

**ലോകനാർക്കാവ് പിൽഗ്രിം ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ലോകനാർക്കാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ലോകനാർകാവ് പിൽഗ്രീം ടൂറിസവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്കുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർക്കാവ് എന്ന പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതികളുടെ അടങ്കൽ തുകയും പ്രവൃത്തി പൂർത്തിയാക്കാൻ എടുക്കുന്ന കാലയളവും ഏജൻസികളുടെ വിവരങ്ങളും നിലവിലെ അവസ്ഥയും വിശദമാക്കാമോ; | (ബി) | ടി പദ്ധതിയ്ക്കായി 4.50 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ടി പദ്ധതി 18 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. M/s ULCCS Ltd. എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. പദ്ധതിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ലോകനാർക്കാവിൽ എന്തൊക്കെ മാറ്റങ്ങളാണ് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഈ പദ്ധതി പൂർത്തിയാകുന്നതോടെ ടി സ്ഥലം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കും തീർത്ഥാടകർക്കുമുള്ള സൗകര്യങ്ങളായ ടോയ് ലറ്റ്, ഡോർമെറ്ററി, കുടിവെള്ളം എന്നിവ ലഭ്യമാകുന്നതാണ്. കൂടാതെ ഈ പദ്ധതിയിൽ ചുറ്റമതിൽ, മഴവെള്ള സംഭരണി, സെപ്റ്റിക് ടാങ്ക്, കിണർ, അഗ്നിശമന സംവിധാനങ്ങൾ എന്നിവ കൂടി ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ